# പുതുകവിതാ വായനകൾ

എഡിറ്റർ

ഡോ. ഷീബാദിവാകരൻ



Scanned with CamScanner

Malayalam
*Puthukavithavayanakal*
(Padanam)
Editor: Dr. Sheeba Divakaran
Copyright: Editor
Layout: Sheeja M
Cover Design: Sreejith George

First Published: March 2021
ISBN: 978-81-950001-4-2
₹ 450

Distribution: Pusthakalokam Malayalam Research Foundation
Phone: 8848663483, 9496105082

Printed, Published by:

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

Scanned with CamScanner

# ഉള്ളടക്കം


വടവൃക്ഷമാകേണ്ട, ചെടിയായിരുന്നാൽമതി 09
*ഡോ. ഷീബാദിവാകരൻ*

ചോദ്യങ്ങളുടെ തൊണ്ടിൽ തടഞ്ഞു നിൽക്കുന്ന പത്തേമാരികൾ 19
*ഡോ. എം.സി. അബ്ദുൽനാസർ*

ഇൻസ്റ്റലേഷൻകവിതകളുടെ വർത്തമാനങ്ങൾ 28
*ഡോ. ആർ. രാജശ്രീ*

നിർമ്മിതബുദ്ധിയും മലയാളകവിതയും 38
*ഡോ. വി. അബ്ദുൾ ലത്തീഫ്*

പ്രതിരോധത്തിന്റെ പുതിയ തുറസ്സുകൾ 52
*ഡോ. ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ*

പശിമരാശി മണ്ണിന്റെ കവിത 70
*ഡോ. എം.ബി. മനോജ്*

കിടക്കവിരിയിലെ മീനുകൾ 83
*ഡോ. ആർ.ഐ. പ്രശാന്ത്*

വിമീഷ് മണിയൂരിന്റെ കവിതകൾ:
വിരുദ്ധഭാവനയുടെ കയ്പ്പുരസങ്ങൾ 97
*ഡോ. വി. ഹിക്മത്തുല്ല*

മൂന്നാം കണ്ണ് തുറക്കുമ്പോൾ 106
*ഡോ. രമാദേവി പി*

കവിതയിലെ 'സിന്ധു' ടച്ച് 115
*ഡോ. ശ്രീപ്രിയ. കെ*

വാക്കുകൾക്കപ്പുറം കടന്ന് നക്ഷത്രക്കല്ലുകളായിത്തീർന്ന കവിതകൾ 122
*ഡോ. അഞ്ജന വി.ആർ*


Scanned with CamScanner

# വിമീഷ് മണിയൂരിന്റെ കവിതകൾ: വിരുദ്ധഭാവനയുടെ കയ്പുരസങ്ങൾ

ഡോ. വി. ഹിക്മത്തുല്ല

*'മണമായിട്ടറിയേണ്ട യാതൊന്നും,*
*സ്പർശമല്ലാതുള്ളതു മതിയെനിക്ക്,*
*രുചിക്കല്ലേ*
*എന്നെയല്ലാതൊന്നിനെയും ഞാൻ,*
*കേൾക്കേണ്ട മറ്റൊരൊച്ചയും*
*എന്റെ ചെവിയിൽ ,*
*വന്നു നിൽക്കരുതെന്റെ വഴിയിൽ*
*ദയവായിട്ട്,*
*നിങ്ങളെങ്ങാൻ എന്നെയങ്ങു*
*സ്വാധീനിച്ചാൽ.'*

വിമീഷ് മണിയൂരിന്റെ 'ആനയുടെ വളർത്തുമൃഗമാണ് പാപ്പാൻ' എന്ന കവിതാ സമാഹാരത്തിന്റെ ആമുഖമാണിത്. ഇത് തന്നെയായിരിക്കണം വിമീഷിന്റെ കവിതയുടെ പൊതുസ്വഭാവവും. പ്രപഞ്ചവും ചരാചരങ്ങളും നമുക്ക് അനുഭവവേദ്യമാകുന്നത് പഞ്ചേന്ദ്രിയങ്ങൾ വഴിയാണ്. നാമല്ലാത്ത മറ്റെന്തുമായും സംവേദനം ചെയ്യാൻ നമുക്ക് പഞ്ചേന്ദ്രിയങ്ങളാണുള്ളത്. എന്റെ മുമ്പിൽ പഞ്ചേന്ദ്രിയം വഴിയുള്ള സ്വാധീനസ്പർശം വേണ്ടെന്നു പറയുമ്പോൾ ഞാൻ അതീന്ദ്രിയമോ മൗലികമോ ആയ മാർഗത്തിലൂടെയാണ് കവിയായിരിക്കുന്നത് എന്നാണോ അർഥം? അതോ മറ്റൊന്നിന്റെ സ്വാധീനമില്ലാതെ ജീവജാലങ്ങൾക്ക് മുന്നോ



Scanned with CamScanner

ട്ടുപോവാനാവില്ല എന്ന പ്രകൃതിസത്യമോ? രണ്ടു വഴികളിലൂടെയും വിരുദ്ധമായി ആലോചിച്ചാൽ മാത്രമേ വിമീഷിന്റെ കവിതകളെ നമ്മിലേക്കു വലിച്ചടുപ്പിക്കാനാവൂ.

മലയാളകവിതയുടെ നവീനമുഖം പുതിയ ഒരു പ്രപഞ്ചവീക്ഷണത്തെക്കൂടി മുന്നോട്ടു വെക്കുന്നുണ്ട് എന്നുപറയാം. ചുറ്റുമുള്ള ലോകത്തെ 'ബഷീറിയൻ ദാർശനികത'യിൽ നോക്കിക്കാണുന്ന ആധുനികാനന്തര മലയാളകവിതയുടെ ശ്രദ്ധേയമായ മുഖമാണ് വിമീഷ് മണിയൂർ. പരിചിതമായ ചുറ്റുപാടുകളിൽ നിന്നും വിഷയം കണ്ടെത്തുകയും അനുഭൂതിയുടെ പുതിയ വിതാനങ്ങളിലേക്ക് ആസ്വാദകനെ ഉണർത്തിയെടുക്കുകയും ചെയ്യുന്ന വിമീഷ് മണിയൂരിന്റെ 'റേഷൻ കാർഡ്', 'എന്റെ നാമത്തിൽ ദൈവം', 'ഒരിടത്ത് ഒരു പ്ലാവിൽ ഒരു മാങ്ങയുണ്ടായി', 'ആനയുടെ വളർത്തുമൃഗമാണ് പാപ്പാൻ' തുടങ്ങിയ കവിതാസമാഹാരങ്ങൾ സമകാലിക സാമൂഹികസാംസ്കാരികരാഷ്ട്രീയ പ്രശ്നങ്ങളിലും വിമർശനസ്വഭാവത്തോടെ ഇടപെടുന്നു. വിമീഷിന്റെ കവിതകൾ തമിഴ്, ഇംഗ്ലീഷ്, കന്നട ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. പൂന്താനം കവിത അവാർഡ്, കേരള സാഹിത്യ അക്കാദമിയുടെ കനകശ്രീ അവാർഡ്, കൽക്കത്ത മലയാളി സമാജത്തിന്റെ തുഞ്ചൻ എൻഡോവ്മെൻറ്, മദ്രാസ് കേരള സമാജം കവിത അവാർഡ്, കടത്തനാട്ട് മാധവിയമ്മ കവിതാ പുരസ്കാരം, തുടങ്ങിയ ഒട്ടേറെ പുരസ്കാരങ്ങൾക്ക് അർഹനായി. ഒരു കുന്നും മൂന്ന് കുട്ടികളും, സാധാരണം എന്നീ നോവലുകളും രചിച്ചിട്ടുണ്ട്. ബൂതം എന്ന നോവലും പുറത്തിറങ്ങാനിരിക്കുന്നുണ്ട്.

തന്റെ കവിതയെക്കുറിച്ച് വിമീഷ് എഴുതുന്നതിങ്ങനെയാണ് 'നന്നായി ഉറക്കം വന്നിട്ടും കിടക്കാൻ ഒരിടം കിട്ടാത്തവന്റെയും കിടക്കാൻ നല്ലൊരിടം ഉണ്ടായിട്ടും ഉറക്കം വരാത്തവന്റെയും ഇടയിലാണ് എന്റെ കവിത. അത് ഉറക്കം വന്നവന്റെയും ഉറങ്ങാൻ പറ്റാത്തവന്റെയും സ്വാധീനത്തിൽ ഉറങ്ങാതെതന്നെ കൂർക്കം വലിക്കുന്നു. കേൾക്കുക മാത്രം ചെയ്യുന്നവർക്ക് അത് ഉറങ്ങിയവൻതന്നെയാണ്. കേൾക്കാതെ, കാണുന്നവർക്ക് ഉണർന്നിരിക്കുന്നവനും. ഉപ്പ് തൊട്ട്, പണ്ടെപ്പോഴോ ചവിട്ടിപ്പോയ ചാണകം വരെ എന്റെ എഴുത്തിനെ സ്വാധീനിക്കുന്നു. ആ ഉപ്പിനെയും ചാണകത്തെയും തിരിച്ചു സ്വാധീനിക്കാൻ കഴിയുന്നില്ലല്ലോ എന്നോർത്ത് കുണ്ഠിതപ്പെടുന്നു. ആരും സ്വാധീനിക്കാനില്ലാത്ത



Scanned with CamScanner

ഒരു ദിവസം എന്റെ കവിതയുടെ ഗതി എന്താവും എന്നാലോചിച്ച് തല പുകയുന്നു. മുമ്പ് ഒരു ദിവസം, പുലർന്നതുമുതൽ ഞാനൊരു ഉറുമ്പിന്റെ കൂടെ നടന്നു. ഒറ്റയ്ക്കു നടന്നുതുടങ്ങിയ ഒരുറുമ്പായിരുന്നു അത്. ചിലപ്പോൾ അത് മറ്റ് ഉറുമ്പുകളുടെ കൂട്ടത്തിൽ ചെന്നു. ചില ഉറുമ്പുകളെ കെട്ടിപ്പിടിച്ചു. ഉച്ചയോടെ ആ യാത്ര അവസാനിപ്പിക്കുമ്പോഴും ആ ഉറുമ്പ് പല ഉറുമ്പുകളായി മാറിയത് ഞാനറിഞ്ഞു. ഇങ്ങനെ പലതായി മാറുന്ന, പലരാൽ മാറുന്ന വാക്കാണ് എനിക്ക് കവിത.'

ഇങ്ങനെ വ്യത്യസ്തമായ ആന്തരികലോകങ്ങളിലേക്ക് നമ്മെ കൊണ്ടുപോവുമ്പോഴും രാഷ്ട്രീയ തീഷ്ണതയാൽ സമകാലികമാവുന്ന ഒരു മുഖം വിമീഷ് തുറന്നുവെക്കുന്നു.

'അടുത്ത വീട്ടിലെ ചെറിയ കുട്ടി പറഞ്ഞു.

അതു കഴിഞ്ഞ് വിജയപ്രഭാഷണത്തിനും ഇരിക്കണമെന്ന് ഞാനുറച്ചിട്ടുണ്ട്.

ടീച്ചറമ്മേ

നമ്മുടെ പഴയ ആഗസ്റ്റ് 15നേക്കാൾ

എന്ത് വലിയ ആഘോഷമാണിത്'

(ഡിസംബർ 6 )

ഏറ്റവും സമകാലികമായ ദേശീയ രാഷ്ട്രീയത്തിന്റെ പൊള്ളുന്ന ഇടങ്ങളിലാണ് വിമീഷിന്റെ ഈ കവിത ഇടപെടുന്നത്. നാം പ്രതീക്ഷയോടെക്കണ്ടിരുന്ന സാധാരണ മനുഷ്യരുടെ ജീവിതസ്ഥലങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, അയൽപ്പക്കങ്ങൾ എങ്ങനെയാണ് പതിയെപ്പതിയെ വിഷലിപ്തമായി മാറുന്നത് എന്ന് കവിത പറയുന്നു.

'ഇന്ന് രാവിലെത്തന്നെ
നാട്ടുകാരല്ലാത്ത ചിലർ
പുതിയ ഉടുപ്പുകൾ
കൊണ്ടുവന്നുതന്നു
രുദ്രാക്ഷം കൊണ്ടുള്ള
മാലകൾ ഇട്ടുതന്നു
തൊട്ടുനടക്കേണ്ടുന്ന
ചുവന്ന കുറിപ്പൊടികൾ തന്നു ,"
(ഡിസമ്പർ 6)



Scanned with CamScanner

ഇന്ത്യ എന്ന ആശയത്തെത്തന്നെ തകർത്തു കളയുന്ന, ഫാഷിസ്റ്റ്ദേശീയതയെ 'സാധാരണമാക്കി'ക്കളയുന്ന പൊതുബോധത്തോടുള്ള ശക്തമായ വിമർശനം ഈ കവിതയിൽ കടന്നുവരുന്നു. മുസ്ലീങ്ങൾ രാജ്യത്ത് അനുഭവിക്കുന്ന അരക്ഷിതാവസ്ഥയെ മൂർത്തമാക്കിയ ദിവസമായിരുന്നു ഡിസംബർ 6, സാമൂഹികനീതിയുടെ പ്രവാചകനും ഭരണഘടനാശില്പിയുമായ അംബേദ്കറിന്റെ ചരമദിനത്തെ ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരമദിനമാക്കി മാറ്റിക്കൊണ്ട് ഹിന്ദുത്വം ആ ദിവസത്തെ ഹിംസയുടെ ദിനമാക്കിക്കഴിഞ്ഞു.

ആനയുടെ വളർത്തുമൃഗമാണ് പാപ്പാൻ എന്ന കൃതിയുടെ അവതാരികയിൽ എം.ബി.മനോജ് എഴുതുന്നു. 'പുതിയ കവിതകൾ രാഷ്ട്രീയ പ്രമേയമാകുന്നത് വിവിധ കാരണങ്ങളാലാണ്. വിപരീതാഖ്യാനങ്ങളും പരിഹാസ സമീപനങ്ങളും അതിൽപ്പെടുന്നു. കാഴ്ചപ്പാടുകളുടെ ബോധ്യങ്ങൾ പലതിനെയും അസാധൂകരിക്കുന്നു. ഈ നിലക്കുള്ള അസാധൂകരണം അതിന്റെ സാധൂകരണത്തിനെതിരെയുള്ള നിലപാടിൽ നിന്നും രൂപം കൊള്ളുന്നതാണ്. നമുക്കു ചുറ്റും കാണുന്ന മനുഷ്യരുടെ പലതരത്തിലുള്ള പ്രതികരണങ്ങളുടെ ഒരു ഫീൽഡ് വർക്ക് ഈ കവിതകളിൽ കാണാൻ കഴിയും. ഒരു പക്ഷേ അത് ഉണർത്തിവിടുന്ന, രാഷ്ട്രീയ (അരാഷ്ട്രീയ) സാമൂഹ്യ (സാമൂഹ്യമല്ലാത്ത) മാനങ്ങൾ, വരാനിരിക്കുന്ന അതി സങ്കീർണ്ണതകളെയും സാമൂഹിക അപകടങ്ങളെയും ഒരു നിരപരാധിയുടെ കണ്ണിലൂടെ ദർശിക്കുകയും പ്രകടിപ്പിക്കുകയുമാണ് ഇവിടെ

1921 നവംബർ 10
അന്ന് എന്റെ അച്ഛന്റെയച്ഛന്റെ അച്ഛൻ
എഴുന്നേറ്റ പാടെ
ഒരു ഗ്ലാസ് കട്ടൻചായ കുടിച്ചുകാണും (വാഗൺ)

'ദേശരാഷ്ട്ര'ത്തോടുള്ള ആശയപരമായ വിമർശനമായി ഈ കവിതയെക്കാണാം. അല്ലെങ്കിൽ ദേശരാഷ്ട്രത്തിന്റെ ആഖ്യാനങ്ങളിൽ 1921 എന്ന ചരിത്രസന്ധി എത്ര തെറ്റായും അവഗണനയോടെയും ആണ് പ്രതിനിധാനം ചെയ്യപ്പെട്ടത് എന്നത് ഒരു ഉപഹാസധ്വനിയോടെ അവതരിപ്പിച്ചതാവാം.



Scanned with CamScanner

*മുടിഞ്ഞ ഇരുട്ടിൽ*
*വണ്ടിയുരുൾച്ചയും*
*പിടച്ചിലും മുറുകുന്നു* (വാഗൺ )

*ഉള്ളതായിരിക്കണമെന്നില്ല*
*ലഹളയുടെ ഓർമ്മക്ക്*
*അടിച്ചിറക്കിയതാവാം*
*പിഎസ്.സിക്ക് വരാറുണ്ട്*
*നല്ലൊരു ചോദ്യമാണ്* (വാഗൺ )

ഇവിടെ ഒരേ സമയം വിരുദ്ധങ്ങളിലൂടെ സഞ്ചരിച്ച് അർഥം കണ്ടെത്താമെന്ന മട്ടിൽ ഒരു നിസ്സംഗത വിമീഷിന്റെ കവിതകളെ ഭരിക്കുന്നത് കാണാം. '2014 ആഗസ്റ്റ് 14 അർധരാത്രി കഴിഞ്ഞ് ഞാനെന്റെ മുഖത്തടിച്ചു', 'ഉണ്ട് എന്ന് പറയപ്പെടുന്ന പാരമ്പര്യം ഉണ്ട്', 'നാളോംങ്കണ്ടി ബസ്സ്റ്റോപ്പും മലയാള കവിതയും' ആ വഴി വേണ്ടായിരുന്നു, അമ്മ വെയിൽ കമ്പിളി ചെടി,

കാച്ച് മീ ഈഫ് യു കാൻ, ഇരുന്ന ഇരിപ്പ് ഇരുന്നു, എത്ര എളുപ്പം മനസ്സിലാക്കിത്തരുന്നു ഞാൻ, എന്നിങ്ങനെയുള്ള ശീർഷകങ്ങളിലൂടെത്തന്നെ വൈചിത്ര്യത്തിന്റെ രാഷ്ട്രീയം വെളിപ്പെടുത്തുന്നു കവി.

തലക്കെട്ടുമുതൽ കവിതകളിലുടനീളം വിരോധാഭാസങ്ങൾ വിമീഷിന്റെ പ്രത്യേകതയാണ്. ഒരിടത്ത് ഒരു പ്ലാവിൽ ഒരു മാങ്ങ ഉണ്ടായിരുന്നു, ആനയുടെ വളർത്തുമൃഗമാണ് പാപ്പാൻ എന്നീ തലക്കെട്ടുകളിൽത്തന്നെ വിരുദ്ധ യുക്തിയുടെ കവിതയാണു ള്ളത്. ബാക്കിയൊക്കെ അതിനു സഹായകമായി നിൽക്കുന്ന വരികൾ മാത്രം. എഴുത്തച്ഛനുമായുള്ള സംഭാഷണം എന്ന മട്ടിൽ എഴുതിയതാണ് 'ഭാരതീ പദാവലി തോന്നുക വേണ്ടെന്നാലും' എന്ന കവിത.

മുഴുവൻ വരികളും കവിത ആവണമെന്നില്ല. വന്ന് വന്ന് കുറേ കാര്യങ്ങൾ പറഞ്ഞ് അവസാനം ഒന്നു മറിച്ചിട്ടുകഴിഞ്ഞാൽ കവിതതെളിയുന്നു എന്നതാണ് പുതിയ കവിതയിലെ ദർശനം.

വളരെ സ്വാഭാവികമായ കുറേ കാര്യങ്ങൾ പറയുന്നു. അതിൽ ഏതോ വരി തലകുത്തി വെക്കുന്നു, പറഞ്ഞ കാര്യങ്ങളെല്ലാം അതോടുകൂടി മാറിപ്പോകുന്നു. അതൊരു ടെക്നിക് ആയി



Scanned with CamScanner

വന്നു. എന്നാൽ ഈ രചനാശീലത്തെ പരിഹസിക്കുന്ന വിമർഷിന്റെത്തന്നെ കവിതയാണ് പൂഴിയരിക്കൽ.

'രണ്ടായിരത്തിനാല്, അഞ്ച് വർഷങ്ങളിൽ എന്റെ പ്രധാന പണി പൂഴിയരിക്കലായിരുന്നു.

*ആട്ടി ആട്ടി അരിക്കുന്നതിനിടെ*
*ചില ദിവസങ്ങളിൽ ചില നേരങ്ങളിൽ*

എനിക്ക് തലേന്ന് വായിച്ച കവിതകൾ, വരികൾ തികട്ടിവരുമായിരുന്നു.

ഞാൻ അരിച്ചെടുക്കുന്നത് ജീവിതത്തിന്റെ കഷ്ടപ്പാടുകളെയെന്ന് ഉറപ്പിച്ചു.

അതൊന്നും ആർക്കും പറഞ്ഞാൽ മനസ്സിലാകത്തില്ലായിരുന്നു.

*ഒരു ദിവസം കൂലി വാങ്ങിമടങ്ങുമ്പോൾ*
*ഇന്ന് 'പൂഴിയരിക്കൽ'*
*എന്നൊരു കവിത എഴുതണമെന്നു വരെ തീരുമാനിച്ചിരുന്നു.*
*അടുത്ത വീട്ടിൽ, അന്ന് രാത്രി*
*ഒരു ഗൾഫുകാരൻ വന്നതുകൊണ്ട്*
*അത് നടക്കാതെ പോയി*
*അങ്ങനെ പോയത് നന്നായി.*

*അന്നത്തേതുപോലുള്ള കവിതകൾ*
*ഇന്ന് വായിക്കുമ്പോൾ ഓക്കാനം വന്നു വായ ചോരുന്നു.*
*പൂഴിയരിക്കൽ പൂഴി അരിക്കൽ മാത്രമാണ്.*
*കവിഞ്ഞോ കുറഞ്ഞോ മറ്റൊന്നുമല്ല എന്ന് എനിക്കും*
*ചുറ്റുമുള്ള കവിതക്കും*
*നല്ല ബോദ്ധ്യം വന്നുതുടങ്ങുന്നു.'*

ഓരോന്നും അതാതു പ്രവൃത്തികൾ മാത്രമാണെന്നും അവയിൽ കവിഞ്ഞോ കുറഞ്ഞോ കാണേണ്ടതില്ലെന്നും കവിതയെപ്പറ്റിത്തന്നെയുള്ള പുതിയ മാനിഫെസ്റ്റോ ആയിക്കാണാം. പുഴി അരിക്കുമ്പോൾ പുഴി മാത്രമാണ് അരിക്കുന്നതെന്നും ജീവിത സങ്കീർണതകളുടെ അരിക്കലായി വ്യാഖ്യാനിച്ചുകളയല്ലേ എന്നുമാവാം കവിയുടെ ആവശ്യം.



Scanned with CamScanner

ഇങ്ങനെ കവിതയെഴുത്തിനെക്കുറിച്ചുള്ള കവിതകൾ വിമീഷിന്റെ രചനകളിൽ കാണാം.

കവിയലോ കുറയലോ ഇല്ലാതെ എല്ലാത്തിലും കവിതയുണ്ടെന്ന് പ്രസ്താവിക്കുകയാണ് വിമീഷിനെപ്പോലുള്ള പുതുകവികൾ ചെയ്യുന്നത്. ഏതോ ഒരു സ്ഥലത്ത് നിന്നും നോക്കിയാൽ മാത്രമേ കവിതയായിട്ട് അതിനെ കാണാനാകൂ. ബാക്കിയുള്ള ഘടകങ്ങളൊന്നും വായനക്കാരെ ആകർഷിച്ചു കൊള്ളണമെന്നില്ല. എല്ലാ പ്രോസസ്സിനെയും കവിതയാക്കുന്ന നിമിഷങ്ങളുണ്ട്. 'വായിക്കുന്നു' എന്ന കവിത ഉദാഹരണം. വിമീഷ് ഒരു അഭിമുഖത്തിൽ പറയുന്നു.

"ചില നേരങ്ങളിൽ മറ്റുള്ളവർ നമ്മെ മനുഷ്യനല്ലാതെ വായിക്കും.

നമ്മളെ ഒരു 'പോസ്റ്റാ'യിട്ട് ആരോ കണ്ടിട്ടുണ്ട്, ബൊമ്മയാണെന്ന് ആളുകൾ വിചാരിച്ചിട്ടുണ്ട്. അങ്ങനെയുള്ള ആ നിമിഷങ്ങൾ വായിച്ചുനോക്കൂ.

നമ്മൾ അവിടെനിന്നും പോന്നിട്ടുണ്ടെങ്കിലും അവരെ സംബന്ധിച്ച് നമ്മൾ 'പോസ്റ്റ്' തന്നെയാണ്.

അത് മറ്റൊരു എക്സിസ്റ്റൻസും. അതുകൊണ്ടുതന്നെ കവിതയെഴുത്തിനെക്കുറിച്ചുള്ള കവിതകളിലെ വാക്കുകൾക്ക് വേണ്ടിയുള്ള കാത്തിരിപ്പും, നമ്മളെ മറ്റൊരാൾ വായിക്കുന്നതും ഒരു രസകരമായ സംഭവമാണ്.

കവിത തന്നെ ഒരു വായനയാണ്.'

വിമീഷിന്റെ കവിതകൾക്കിടയിലെ ചില മുഹൂർത്തങ്ങൾ നോക്കാം.

*അലക്കിയിട്ടതുണി*
*വെയിലിനോട് സംസാരിച്ച്*
*അതിന്റെ വായിലെ*
*വെള്ളം വറ്റിക്കും.*

(ഉണക്കം)

*പുഴയെന്നു കരുതി*
*മഴയിലേക്കു കയറി നിന്നേക്കുമോ*
*പുഴയിലെ മീനുകൾ* (പുഴയിലെ മഴ)



Scanned with CamScanner

ഇലകൾ കൊണ്ട്
മറച്ചതൊക്കെയും
വെളിപ്പെടുത്തുന്നു പൂവുകൾ
(പൂവുകൾ)

എന്തോരം കുരകളാണ്
ഒരു നായ പഠിച്ചുവെച്ചിരിക്കുന്നത്.
(കുര)

ഇവിടെയൊക്കെ സാധാരണനിമിഷങ്ങൾ കവിതയായിത്തീരുന്ന മാന്ത്രികതയുണ്ട്.

'സാധാരണം' എന്ന പേരിൽ വിമീഷ് എഴുതിയ നോവലിന്റെ പ്രമേയവും കവിതയായിട്ടാണ് ആദ്യം എഴുതുന്നത്. 'ആനയുടെ വളർത്തുമൃഗമാണ് പാപ്പാൻ' എന്ന പുസ്തകത്തിൽ 'ഉപകാരം' എന്ന പേരിൽ അത് ചേർത്തിരുന്നു. കവിത ഇങ്ങനെയാണ്;

'അയാൾക്ക് ഭ്രാന്ത് വരുന്നത്
ഞങ്ങൾക്ക് വലിയ ഉപകാരമാണ്
കാരണമൊന്നും കൂടാതെ കടം തരും
അരിയും മറ്റ് സാധനങ്ങളുമായി
എപ്പോഴും കയറിവരും

ഏതു സങ്കടവും ഉള്ളലിഞ്ഞു കേൾക്കും എപ്പോഴും കൂടെയുണ്ടാകും എന്ന് പറഞ്ഞ് ആശ്വസിപ്പിക്കുകയും ചെയ്യും

അയാൾക്ക് ഭ്രാന്ത് വരാറുള്ളത്
ഞങ്ങൾ നാട്ടുകാർക്ക്
വലിയ ഉപകാരമാണ്.'

ഈ കവിത എഴുതിയിട്ട് മതിയാകാത്തതുകൊണ്ടാണ് താൻ നോവലായി വികസിപ്പിച്ചതെന്നാണ് വിമീഷ് പറയുന്നത്. സമൂഹം നിലനിൽക്കുന്നത് ആരൊക്കെയോ എവിടെയൊക്കെയോ ചെയ്യുന്ന സഹായം കൊണ്ടും കൈകൊടുക്കൽ കൊണ്ടും ആണ്. പരസ്പരസഹായം ഇല്ലെങ്കിൽ സമൂഹം മുഴുവനും ഇല്ലാതാകും. നമ്മുടെ എല്ലാ സിസ്റ്റവും തകരും, കുടുംബബന്ധങ്ങൾപോലും തകരുകയും ആളുകൾ വിട്ടുപോവുകയും വലിയ തോതിലുള്ള പലായനം ഉണ്ടാവുകയും ചെയ്യും. ചിലപ്പോൾ രാജ്യങ്ങൾ പോലും ഇല്ലാതായിപ്പോകും. നോവലിൽ



Scanned with CamScanner

ആ ചെറിയ ഗ്രാമത്തിൽ ആർട്സ് ക്ലബ്ബ്,അമ്പലക്കമ്മിറ്റി, കടകൾ എന്നിവ ഇല്ലാതാകുകയും മനുഷ്യൻ ചെറുതായ സഹായങ്ങൾ കിട്ടാതെ മരിക്കുകയും ചെയ്യുന്നു. സഹായങ്ങൾ കൊടുക്കാതെ കൂടുതൽ കൂടുതൽ മൃഗമായി മാറുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാവുന്നു. എന്നാൽ സഹായിക്കുന്ന മനുഷ്യരെ ഭ്രാന്തരായിക്കാണുന്ന മാനസികാവസ്ഥ എത്ര ഭീകരമാണ്.

ഇങ്ങനെ കവി, കവിത, ജീവിതം, രാഷ്ട്രീയം, തത്വചിന്ത, സമകാലികത എന്നിവയെല്ലാം ഇഴപിരിഞ്ഞ് അന്വേഷണത്തിന്റെ പുതിയ വഴികളിലൂടെ നിർമമനായി നടക്കാനാണ് വിമീഷ് മണിയൂർ ഇഷ്ടപ്പെടുന്നത്.

**റഫറൻസ്:**


1. ഡോ.എം.ബി.മനോജ്, വിപരീതാഖ്യാനങ്ങളുടേയും ഇതിഹാസത്തിന്റെയും ബോധ്യങ്ങൾ, അവതാരിക ആനയുടെ വളർത്തുമൃഗമാണ് പാപ്പാൻ, ഡി.സി.ബുക്സ്, 2012.
2. റേഷൻ കാർഡ്, പായൽ ബുക്സ്, 2009
3. എന്റെ നാമത്തിൽ ദൈവം, പ്ലാവില ബുക്സ്, 2014
4. ഒരിടത്ത് ഒരു പ്ലാവിൽ ഒരു മാങ്ങയുണ്ടായി, ഡിസി ബുക്സ്, 2017
5. ബിനീഷ് പുതുപ്പണം, ഒരു മാങ്ങയിൽ ഒളിപ്പിക്കുന്ന മഹാപ്രപഞ്ചം, രിസാല, ഒക്ടോബർ 2019
6. രാജേഷ് പഞ്ഞത്തൊടി, വിമീഷ് മണിയൂർ അഭിമുഖം, മൗലികതയെക്കുറിച്ചാണെങ്കിൽ കവിതയും ഭാഷയും മനുഷ്യനും എല്ലാം കലർപ്പാണ്. വേല cue.in, Feb 22 - 2020.


Scanned with CamScanner